പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3738 11.12.2018-ലെ മറുപടിക്ക്

## വഴി മദ്ധ്യേ കേടാകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ചോദ്യം

ശ്രീ.ഡി.കെ. മുരളി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വീസ് നടത്തിക്കൊണ്ടിരിക്കെ കെ.എസ്.ആർ.ടി.സി. ബസുകൾ കേടായി വഴി മദ്ധ്യേ നിർത്തിയിടേണ്ട സാഹചര്യത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; | (എ) | ഡ്യൂട്ടിക്കിടയിൽ ബസ് ബ്രേക്ക്ഡൗൺ ആയാൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഉടൻതന്നെ യാത്രക്കാരെ അടുത്ത വാഹനത്തിൽ കയറ്റി അയക്കാനുള്ള നടപടി സ്വീകരിക്കണം. ബ്രേക്ക്ഡൗൺ ആയതിനുള്ള കാരണം പരിശോധിച്ച് ബ്രേക്ക്ഡൗൺ ചിറ്റ് തയ്യാറാക്കി അടുത്ത ഡിപ്പോയ്ക്ക് നൽകണം. കൂടാതെ അടുത്ത ബസ് സ്റ്റേഷനിലേക്ക് ഫോൺ ചെയ്ത് ബ്രേക്ക്ഡൗൺ വിവരം പറയുകയും അറ്റന്റ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്യേണ്ടതാണ്. ബസ് സ്റ്റേഷനിൽ നിന്ന് ബ്രേക്ക്ഡൗൺ അറ്റന്റ് ചെയ്യാൻ മതിയായ സമയത്തിനുള്ളിൽ മെക്കാനിക്കുകൾ എത്തിയില്ലെങ്കിൽ വീണ്ടും ഫോൺ ചെയ്ത് വിവരം ഓർമ്മിപ്പിക്കേണ്ടതാണ്. അറ്റകുറ്റ പണിക്കുശേഷം ബസ് സർവീസിന് യോഗ്യമായി ലഭിച്ചാൽ ഏതെങ്കിലും ഡയറക്ഷൻ ആവശ്യമുള്ള പക്ഷം |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടറുടെ/അടുത്ത ബസ് സ്റ്റേഷനിൽ നിന്നും നിർദ്ദേശമനുസരിച്ച് തുടർന്ന് സർവ്വീസ് ഓപ്പറേറ്റ് ചെയ്യണം. ബ്രേക്ക് ഡൗൺ വിവരം അടുത്തുള്ള ബസ് സ്റ്റേഷനിൽ അറിയിച്ചുകഴിഞ്ഞാൽ അവിടെ നിന്നുള്ള നിർദ്ദേശമില്ലാതെ മറ്റൊരു ബസ് സ്റ്റേഷനിൽ അറിയിക്കുവാൻ പാടുള്ളതല്ല. ബ്രേക്ക്ഡൗൺ ആയ വിവരവും എന്തുകൊണ്ടാണ് ബ്രേക്ക് ഡൗൺ ആയത് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ഡ്രൈവർ, ലോഗ് ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. |
| (ബി) | വഴി മദ്ധ്യേ കേടാകുന്ന കെ.എസ്.ആർ ടി.സി. ബസുകൾ റോഡിൽ തന്നെ പാർക്ക് ചെയ്യുന്നതു കൊണ്ട് ഗതാഗത തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ആക്സിഡന്റ്, റോഡിൽ നിന്നും ഉടനടി മാറ്റാൻ കഴിയാത്ത തരത്തിലുള്ള ബ്രേക്ക്ഡൗൺ എന്നീ സാഹചര്യങ്ങളിൽ അപൂർവ്വമായി ഗതാഗത കുരുക്ക് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര ഇടപെടലുകൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നും, പോലീസ്, മറ്റു വകുപ്പുകൾ എന്നിവ മുഖാന്തിരവും ചെയ്തു വരുന്നു. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**